
ഗൾഫ് ചന്ദ്രിക
വാരാന്തപ്പതിപ്പ്
2024 ജൂലായ് 14 ഞായർ




# സാഹിത്യ നഗരത്തിലെ മേൽവിലാസക്കാർ

**സാംസ്കാരിക ഔന്നിത്യത്തിന്റെ നിറപ്പൊലിമ കോഴിക്കോടിന് എന്നുമുണ്ടായിരുന്നു. എഴുത്തിന്റെയും വായനയുടെയും ചിത്രംവരയുടെയും നാടകത്തിന്റെയും സിനിമയുടെയും എല്ലാം നഗരമാണ് കോഴിക്കോട്. സാംസ്കാരിക നവോത്ഥാനത്തിന്റെ കേന്ദ്രം എന്ന് കോഴിക്കോടിനെ വിശേഷിപ്പിച്ചാൽ അധികമാവില്ല. അതുകൊണ്ടുതന്നെ യുനസ്കോയുടെ സാഹിത്യനഗരപദവിയിൽ ഇടം പിടിച്ചതിൽ തെല്ലും അത്ഭുതപ്പെടാനില്ല.**





വാസുദേവൻ കുപ്പാട്ട്



വയൽവരമ്പിലെ മുക്കുറ്റിയോടും തൊടിയിലെ കണ്ണാന്തളിപ്പൂവിനോടും വല്ലാതൊന്നും കിന്നാരം പറയാതെ, എന്നാൽ അവയുടെ സാന്നിധ്യം നിത്യനിധിയായി മനസ്സിൽ സൂക്ഷിച്ച എം.ടി വാസുദേവൻ നായർക്ക് നാളെ 91ാം പിറന്നാൾ. 1933 ജൂലൈ 15നാണ് ജനനം. നക്ഷത്രമനുസരിച്ച് കർക്കടകത്തിലെ ഉത്രട്ടാതിയാണ് ജന്മദിനം. അതിന് ജൂലൈ 26വരെ കാത്തിരിക്കണം.

കൂടല്ലൂരിലെ കുണ്ടനിടവഴികൾ താണ്ടിയ ബാല്യവും കൗമാരവും പിന്നിട്ട് എം.ടി കോഴിക്കോട് എത്തിയിട്ട് 68 വർഷമായി. 1956ലാണ് ഇവിടെ സ്ഥിരതാമസമാക്കുന്നത്. മറ്റു പലരെയും പോലെ കോഴിക്കോട് എം.ടിയെ ഹൃദയത്തിൽ സ്വീകരിച്ചു. പെറ്റമ്മയല്ലെങ്കിലും പോറ്റമ്മയായി സ്നേഹം നൽകി വളർത്തി. ഇന്ന് കോഴിക്കോട് യുനസ്കോയുടെ സാഹിത്യനഗരമായി പ്രകീർത്തിക്കപ്പെടുമ്പോൾ അതിന്റെ പ്രഥമ മേൽവിലാസക്കാരനായി എം.ടി അവരോധിക്കപ്പെടുന്നു. അങ്ങനെ എം.ടിയുടെ സാന്നിധ്യം കോഴിക്കോടിനെ വീണ്ടും അലങ്കരിക്കുകയാണ്.

കോഴിക്കോട് ആദ്യമായി വന്നതിനെപ്പറ്റി എം.ടി ഇങ്ങനെ എഴുതിയിട്ടുണ്ട്:

''കോഴിക്കോടിന്റെ മണ്ണിൽ ഞാനാദ്യമായി കാലുകുത്തുന്നത് പന്ത്രണ്ടാം വയസ്സിലാണ്. കുട്ടിക്കാലത്തെ ആ മിന്നൽ സന്ദർശനത്തിന്റെ ഓർമകൾ ഇപ്പോഴും മനസ്സിൽ മായാതെ കിടപ്പുണ്ട്. അച്ഛൻ നാരായണൻനായർ സിലോണിൽ നിന്ന് ആയിടെ അവധിക്ക് വന്നിരുന്നു. അങ്ങനെയൊരു ദിവസം അച്ഛനു ചില ബാങ്ക് ഇടപാടുകൾക്കായി കോഴിക്കോട്ടേക്ക് പോകേണ്ട ആവശ്യം വന്നു. അതുവരെ കോഴിക്കോടിനെക്കുറിച്ച് എനിക്ക് കേട്ടറിവേയുള്ളൂ. കോഴിക്കോട്ട് പോയി നഗരക്കാഴ്ചകൾ കാണണമെന്ന മോഹം അന്നേ മനസ്സിലുണ്ട്. അച്ഛൻ കോഴിക്കോട്ടേക്ക് പോകുന്നു എന്നറിഞ്ഞപ്പോൾ ആ മോഹം കലശലായി. എന്റെ ഭാഗ്യം കൊണ്ടോ എന്തോ, യാത്രക്ക് എന്നെയും കൂട്ടാൻ അച്ഛൻ സമ്മതം മൂളി. എന്റെ മനസ്സിൽ സന്തോഷം നിറഞ്ഞു. കൂടല്ലൂരിൽ നിന്നും പള്ളിപ്പുറം സ്റ്റേഷനിൽ എത്തി നേരം പരപരാ വെളുത്തതും ഞങ്ങൾ കോഴിക്കോട്ടേക്കുള്ള ടിക്കറ്റെടുത്ത് തീവണ്ടിയിൽ കയറി. വഴിയോരക്കാഴ്ചകൾ കണ്ട് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ വണ്ടിയിറങ്ങി. അവിടെ നിന്ന് ഇംപീരിയൽ ബാങ്ക് ലക്ഷ്യമാക്കി നടന്നു. ഇന്നത്തെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്ഥാനത്തായിരുന്നു അത്. അച്ഛൻ ബാങ്കിലേക്ക് പോയി. ഞാനാകട്ടെ നിരത്തിലെ കാഴ്ചകൾ കാണാനായി പുറത്തുതന്നെ നിന്നു. ആ നഗരക്കാഴ്ചകൾ കൂടല്ലൂരിൽ നിന്ന് വന്ന എനിക്ക് കൗതുകകരമായി തോന്നി. ഇന്നത്തേതിൽ നിന്ന് ഏറെ വ്യത്യസ്തമായിരുന്നു അന്നത്തെ കോഴിക്കോട് നഗരവും നിരത്തുകളും. അക്കാലത്ത് കുതിരവണ്ടികൾ തലങ്ങും വിലങ്ങും ഓടിയിരുന്നു. മണികിലുക്കിയോടിയിരുന്ന കുതിരവണ്ടികൾ നോക്കിനിൽക്കുക രസകരമായ കാഴ്ചയായി. ബാങ്കിനു മുന്നിലെ നിരത്തുവക്കിൽ ഞാനത് നോക്കി നിന്നു.'' (കാലത്തിന്റെ ഓർമപ്പൂക്കളങ്ങൾ-എം.ടി)

കോഴിക്കോട്ടെത്തിയ എം.ടി ആദ്യം താമസിച്ചിരുന്നത് ചാലപ്പുറത്തുള്ള ഒരു ലോഡ്ജിൽ ആയിരുന്നു. ആസ്ബസ്റ്റോസ് ഷീറ്റുകൾ വെച്ചാണ് മുറികൾ വേർതിരിച്ചിരുന്നത്. പിന്നീട് ആനിഹാൾ റോഡിലെ ഒരു വീടിന്റെ മുകൾ നിലയിലേക്ക് മാറി. മാതൃഭൂമിയിൽ ചേർന്ന ഘട്ടത്തിലും എം.ടി എം.ബി ട്യൂട്ടോറിയലിൽ പഠിപ്പിക്കുന്നുണ്ടായിരുന്നു. രാവിലെ ക്ലാസ് കഴിഞ്ഞ് തിരക്കിട്ട് മാതൃഭൂമിക്ക് തിരിക്കും. സമയം ലാഭിക്കാൻ റിക്ഷാവണ്ടിയിലായിരിക്കും യാത്ര. എം.ബി കോളജിന്റെ ഉടമ കൃഷ്ണൻ മൂസത് ആണ് ആനിഹാൾ റോഡിലെ മുറി വാടകക്ക് എടുത്തിരുന്നത്. എം.ടിയും പങ്കാളിയായി. കൃഷ്ണൻ മൂസത് അവിടെ നിന്ന് മാറിയപ്പോഴും എം.ടി തുടർന്നു. പിന്നീട് വളരെ കഴിഞ്ഞാണ് കൊട്ടാരം റോഡിൽ സിതാര എന്ന വീട് പണിയുന്നത്.

സാമൂതിരിയുടെ തട്ടകമായ കോഴിക്കോട് ഇന്ന് ഏറെ മാറി. എം.ടി കണ്ടു വിസ്മയിച്ച കുതിരവണ്ടികൾ കാലത്തിന്റെ കുളമ്പടിയൊച്ച കേൾപ്പിച്ചുകൊണ്ട് ചരിത്രത്തിലേക്ക് പിന്മാറി. പകരം മോട്ടോർ വാഹനങ്ങൾ നിരത്തുകളെ സ്വന്തമാക്കി. ചരക്ക്നീക്കത്തിന് ഉപയോഗിച്ചിരുന്ന കാളവണ്ടികളും മെല്ലെ അപ്രത്യക്ഷമായി. റോഡുകൾക്ക് വീതി കൂടി. ബൈപ്പാസുകൾ വന്നു. എന്നിട്ടും നഗരം തിരക്കിന്റെ പിടിയിൽ തന്നെ അമർന്നു കിടന്നു. വികസനം എത്ര വന്നിട്ടും നഗരത്തിന്റെ വീർപ്പുമുട്ടുന്ന തിരക്കിന് കുറവൊട്ടും ഉണ്ടായില്ല. മാനാഞ്ചിറയും മിഠായിതെരുവും പാളയവും എല്ലാം ജനബാഹുല്യത്തിന്റെ പിടിയിലാണ്. അതാണ് നഗരത്തിന്റെ മുഖമുദ്ര. എങ്കിലും സാംസ്കാരിക ഔന്നിത്യത്തിന്റെ നിറപ്പൊലിമ കോഴിക്കോടിന് എന്നുമുണ്ടായിരുന്നു. എഴുത്തിന്റെയും വായനയുടെയും ചിത്രംവരയുടെയും നാടകത്തിന്റെയും സിനിമയുടെയും എല്ലാം നഗരമാണ് കോഴിക്കോട്. സാംസ്കാരിക നവോത്ഥാനത്തിന്റെ കേന്ദ്രം എന്ന് കോഴിക്കോടിനെ വിശേഷിപ്പിച്ചാൽ അധികമാവില്ല. അതുകൊണ്ടുതന്നെ യുനസ്കോയുടെ സാഹിത്യനഗരപദവിയിൽ ഇടം പിടിച്ചതിൽ തെല്ലും അത്ഭുതപ്പെടാനില്ല.

## സാംസ്കാരിക ലോകത്തെ പൂർവസൂരികൾ

സാഹിത്യത്തിന്റെ ഉരകല്ല് തേടി കോഴിക്കോടിന്റെ മണ്ണിലേക്ക് എത്തിയവർ നിരവധിയാണ്. എം.ടിക്ക് മുമ്പേ വൈക്കം തലയോലപ്പറമ്പിൽ നിന്ന് വൈക്കം മുഹമ്മദ് ബഷീർ ബേപ്പൂരിൽ കുടിയിരിപ്പ് തുടങ്ങിയിരുന്നു. എഴുത്തിന്റെ മാന്ത്രിക സ്പർശം ചരിത്രനഗരത്തിന് സ്വന്തമായി. ചോരപൊടിയുന്ന തീഷ്ണാനുഭവങ്ങളുടെ ഏടുകൾ ചീന്തിയെടുത്താണ് ബഷീർ സാഹിത്യം എഴുതിയത്. ബാല്യകാലസഖിയും പാത്തുമ്മയുടെ ആടും അനർഘനിമിഷവും മതിലുകളും ബഷീറിന്റെ തൂലികയിൽ നിന്ന് പിറന്നുവീണപ്പോൾ കോഴിക്കോടിന്റെ മണ്ണാണ് കൂടുതൽ പുളകമണിഞ്ഞത്. ചെറുവണ്ണൂരിൽ നിന്ന് ഫാബിയെ വിവാഹം ചെയ്ത് ബഷീർ കോഴിക്കോടൻ ജീവിതത്തിലേക്ക് ചേക്കേറിയപ്പോൾ ഈ നാട് തീർത്തും ചടാരിദാർത്ഥ്യത്തിന്റെ അവകാശികളായി.

ഈ മാസം അഞ്ചിന് ബഷീർ കടന്നുപോയിട്ട് 30 വർഷമായി. എന്നാൽ ബഷീറിന്റെ എഴുത്തും ജീവിതവും നിരന്തരം നാം ഓർമിക്കുന്നു. ബഷീറിന്റെ വൈലാലിൽ വീട് സാഹിത്യപ്രേമികളുടെ തീർത്ഥാടനകേന്ദ്രമാണ്. ബഷീറിന്റെ ആരാധകരും സുഹൃത്തുക്കളും അസംഖ്യം വായനക്കാരും വൈലാലിൽ സമ്മേളിക്കുന്നു. പുതിയറയിൽ എസ്.കെ പൊറ്റക്കാട്ട് താമസിച്ചിരുന്ന ചന്ദ്രകാന്തത്തിലായിരുന്നു ബഷീറിന്റെയും ഫാബിയുടെയും മധുവിധുകാലം എന്ന് കേട്ടിട്ടുണ്ട്. ചന്ദ്രകാന്തം വാസ്തവത്തിൽ ചന്ദ്രകാന്തക്കല്ല് പോലെ എഴുത്തുകാരെയും കലാകാരന്മാരെയും ആകർഷിക്കുകയായിരുന്നു. തിക്കോടിയൻ, ഉറൂബ്, എം.വി ദേവൻ, എൻ.പി മുഹമ്മദ് തുടങ്ങിയവർ ഇവിടെ സ്ഥിരക്കാരായിരുന്നു. വി.കെ.എൻ ഇടക്കിടെ പ്രത്യക്ഷപ്പെടും.

യൂറോപ്യൻ രാജ്യങ്ങളിലും കാപ്പിരികളുടെ നാട്ടിലും ഇരുണ്ട ഭൂഖണ്ഡമായ ആഫ്രിക്കയിലും സഞ്ചരിച്ച് തെളിമയുള്ള സഞ്ചാര സാഹിത്യകൃതികൾ സമ്മാനിച്ച എസ്.കെ പൊറ്റക്കാടിന്റെ സംഭാവനകളും കോഴിക്കോടിന് വിസ്മരിക്കാൻ കഴിയില്ല. അതിരാണിപ്പാടം എന്ന നാട്ടുപ്രദേശത്തിന്റെ കഥ പറഞ്ഞ ദേശത്തിന്റെ കഥയും മിഠായിതെരുവിന്റെ മധുരം മണക്കുന്ന തെരുവിന്റെ കഥയും കോഴിക്കോടിന്റെ ഉൾത്തുടിപ്പുകളായി നിലകൊള്ളുന്നു. മിഠായിതെരുവിലേക്ക് നോക്കി നിൽക്കുന്ന എസ്.കെയുടെ പ്രതിമ നിരവധി ഓർമകളിലേക്കാണ് നമ്മെ കൊണ്ടുപോവുന്നത്.

ചരിത്രകാരൻ എം.ജി.എസ് നാരായണനും പരപ്പനങ്ങാടി എന്ന സ്വദേശം വിട്ട് കോഴിക്കോട്ട്



സ്ഥിരവാസമായിട്ട് ഏറെയായി. ഇന്ദുലേഖയുടെ കർത്താവായ ചന്തുമേനോൻ, കുന്ദലത എന്ന ആദ്യകാല നോവൽ രചിച്ച അപ്പു നെടുങ്ങാടി, കവിയും സാമൂഹ്യവിമർശകനുമായ സഞ്ജയൻ എന്നിങ്ങനെ എത്രയോ സർഗപ്രതിഭകൾ കോഴിക്കോടിനെ തൊട്ടുതലോടിയാണ് കടന്നുപോയത്. എൻ.വി കൃഷ്ണവാരിയർ കവിയായും പത്രാധിപരായും പരിസ്ഥിതി പ്രവർത്തകനായും കോഴിക്കോടിനെ നയിച്ചു എന്നു പറഞ്ഞാൽ തെറ്റാവില്ല. നാടകാചാര്യൻ കെ.ടി മുഹമ്മദ്, കെ.എ കൊടുങ്ങല്ലൂർ, നാടകകൃത്ത് പി.എം താജ്, കഥാകൃത്ത് അക്ബർ കക്കട്ടിൽ, വി.പി മുഹമ്മദ്, കവി പി.ടി അബ്ദുറഹിമാൻ, കവിയും ഗാനരചയിതാവുമായ ഗിരീഷ് പുത്തഞ്ചേരി, കവി എം.എൻ പാലൂർ, ടി.പി രാജീവൻ, പി. വത്സല തുടങ്ങിയവരെല്ലാം കോഴിക്കോടിന്റെ മണ്ണുമായി പല പ്രകാരത്തിൽ സർഗാത്മകമായി ബന്ധം പുലർത്തി കടന്നുപോയവരാണ്.

## സാഹിത്യനഗരപദവി സാധ്യതകളും വെല്ലുവിളികളും

സാഹിത്യത്തെയും സാഹിത്യ അന്തരീക്ഷത്തെയും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി യുനസ്കോ 55 നഗരങ്ങൾക്കാണ് സാഹിത്യനഗരപദവി നൽകിയിരിക്കുന്നത്. ഇതിൽ ഇന്ത്യയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടത് കോഴിക്കോട് മാത്രമാണ്. സംഗീതനഗരമായി മധ്യപ്രദേശിലെ ഗ്വാളിയോർ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സാഹിത്യനഗരപദവി ലഭിക്കുന്നതോടെ ഈ പട്ടികയിൽ ഇടംനേടിയ രാജ്യങ്ങളിലേക്ക് ഇവിടെനിന്നുള്ള എഴുത്തുകാർക്കും സാഹിത്യവിദ്യാർത്ഥികൾക്കും പഠനയാത്ര നടത്താം. വിദേശരാജ്യങ്ങൾ സന്ദർശിക്കാൻ കൂടുതൽ അവസരം ലഭിക്കും. അതേസമയം, വിദേശരാജ്യങ്ങളിൽ നിന്നുള്ള എഴുത്തുകാർക്ക് കോഴിക്കോട്ടെത്തി താമസിച്ച് പുസ്തകം തർജ്ജമ ചെയ്ത് അവരുടെ സാഹിത്യത്തിന് മുതൽകൂട്ടാം. അങ്ങനെ സർഗാത്മകതയുടെ ലോകത്ത് അതിരുകൾ മായ്ക്കപ്പെടുന്ന കാഴ്ചയാണ് കാണാൻ പോകുന്നത്.

കഴിഞ്ഞ രണ്ടു വർഷത്തോളമായി ഇതിനുള്ള ശ്രമങ്ങൾ നടന്നുവരികയായിരുന്നു. സാഹിത്യനഗരപദവിയുള്ള പ്രാഗ്, കാർക്കോവ്, എഡിൻബർഗ് എന്നിവിടങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ പഠിച്ചശേഷമാണ് കോഴിക്കോട് സാഹിത്യനഗരം പദവിക്കുള്ള ശ്രമങ്ങൾ ഊർജിതമാക്കിയത്. പ്രാഗിൽ നിന്നുള്ള ഗവേഷണ വിദ്യാർത്ഥിനി ലുഡ്മില കൊളഷോവ കോഴിക്കോട്ടെത്തി വിശദമായ പഠനം നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് സാഹിത്യനഗരപദവിക്കുള്ള സാധ്യത തെളിഞ്ഞത്. ലുഡ്മില കൊളഷോവ കോഴിക്കോട്ടെ എൻ.ഐടി, ഐ.ഐ.എം പോലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വായനശാലകൾ, പ്രസാധക സ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ചിരുന്നു. ഏതാനും മാസം അവർ കോഴിക്കോട്ട് ചെലവിടുകയുണ്ടായി. എഴുത്തുകാരുമായും ആശയവിനിമയം നടത്തി. 550ഓളം ലൈബ്രറികൾ കോഴിക്കോട്ടുണ്ട്. നൂറിലധികം പുസ്തകശാലകൾ പ്രവർത്തിക്കുന്നു. പ്രസാധക സ്ഥാപനങ്ങൾ എഴുപതിലധികമുണ്ട്.

സുസ്ഥിര നഗരവികസനത്തിനുള്ള ഘടകം എന്ന നിലയിലാണ് യുനസ്കോ നഗരങ്ങളിലെ സർഗാത്മകതയെ ഏകോപിപ്പിക്കുന്നത്. 2004ലാണ് യുനസ്കോ (യുനൈറ്റഡ് നാഷൻസ് എജ്യുക്കേഷണൽ, സയന്റിഫിക് ആന്റ് കൾച്ചറൽ ഓർഗനൈസേഷൻ) ക്രിയേറ്റീവ് സിറ്റീസ് നെറ്റ് വർക്ക് ആരംഭിച്ചത്. സാഹിത്യം, സംഗീതം, നാടൻകല, ഡിസൈൻ, ഫിലിം തുടങ്ങിയ തീമുകളിലായി 350ലധികം നഗരങ്ങൾ ശൃംഖലയുടെ ഭാഗമായി ഉണ്ട്.

ശേഷം പേജ് 4

ഗൾഫ് ചന്ദ്രിക
വാരാന്തപ്പതിപ്പ്




# ജോർജ് മാത്യു സ്ട്രീറ്റ് @ അബുദാബി

എൻ.എ.എം ജാഫർ



മലേഷ്യയിൽ ജനിക്കുന്നു... കേരളത്തിൽ വളരുന്നു... കുവൈത്തിൽ ജോലി തേടിയെത്തുന്നു... ബഹ്റൈനിൽ ജോലി ലഭിക്കുന്നു... മികച്ച ജോലിക്കായി അബുദാബിയിലെത്തുന്നു...അൽഐനിൽ ആദ്യത്തെ സർക്കാർ ക്ലിനിക് തുടങ്ങുന്നു...ഏതൊരു പ്രവാസിയെയും പോലെ നാട്ടിലേക്ക് തിരികെ പോകാൻ ഒരുങ്ങുന്നു...ശൈഖ് സായിദ് ഇവിടെ തുടരാൻ നിർബന്ധിക്കുന്നു...യുഎഇ പൗരത്വം നൽകുന്നു...അഞ്ചര പതിറ്റാണ്ടുകൾ നീണ്ട ഇമാറാത്തി ജീവിതം...അബുദാബിയുടെ പരമോന്നത സിവിൽ അവാർഡ് നൽകി ആദരിച്ചു...ഇപ്പോൾ ഈ രാജ്യത്തിന്റെ ഒരു സ്ട്രീറ്റിന് അദ്ദേഹത്തിന്റെ പേര് നൽകി ബഹുമാനിച്ചിരിക്കുന്നു-ജോർജ് മാത്യു സ്ട്രീറ്റ് @ അബുദാബി. അറബ് ലോകത്ത് ഒരു മലയാളിക്ക് ലഭിക്കാവുന്ന ആദരവുകൾക്കും ബഹുമതികൾക്കുമപ്പുറം. ആരാണീ മലയാളി. അമ്പത്തിയേഴ് വർഷങ്ങൾക്ക് മുമ്പ് മരുപ്രദേശത്തിന് ആതുരസേവനത്തിന്റെ തെളിനീർ പകർന്ന മലയാളി, ഡോ.ജോർജ് മാത്യു.

പഴയ തലമുറയിലെ മിക്കവാറും പ്രവാസികൾക്ക് ചിരപരിചിതനായ ഡോ.ജോർജ് മാത്യു. അതെ അൽഐനിന്റെ ഡോക്ടർ. അഞ്ച് പതിറ്റാണ്ടുകൾക്ക് മുമ്പ് അബുദാബിയുടെ കിഴക്കൻ പ്രവിശ്യയായ അൽഐൻ വെറുമൊരു മരുഭൂമി മാത്രമായിരുന്നു. മരുഭൂമിയിലെ മരുപ്പച്ചയെന്ന രീതിയിൽ പ്രാചീന മരുജീവിതത്തിന്റെ കേന്ദ്രമായിരുന്നുവെങ്കിലും ഇന്ന് കാണുന്ന രീതിയിൽ റോഡുകളോ ഉദ്യാനങ്ങളോ ഇല്ല. വൈദ്യുതിക്കും വെള്ളത്തിനും ബുദ്ധിമുട്ടുന്ന കുഗ്രാമം. ഈന്തപ്പനത്തോട്ടങ്ങളും കൃഷിയും കന്നുകാലി വളർത്തലുമായി ഉപജീവനം നടത്തുന്ന അറബികളുടെ ചെറിയ ഗ്രാമം. എന്നിരുന്നാലും അറുപതുകളിൽ തന്നെ ഇവിടെയും ജീവിതം തേടി പ്രവാസികളെത്തിയിരുന്നു. ഒരു കാലത്ത് അൽനഹ്യാൻ രാജകുടുംബത്തിന്റെ ഭരണസിരാകേന്ദ്രമായിരുന്നു. ഈ പ്രദേശത്തേക്കാണ് ഡോക്ടർ പുതിയ ജോലിക്കായി എത്തുന്നത്. നാട്ടിലും കുവൈത്തിലും ബഹ്റൈനിലും അത്യാവശ്യം സൗകര്യത്തോടെ കഴിഞ്ഞിരുന്ന ഡോക്ടർക്ക് അൽഐനിലെ അന്തരീക്ഷവുമായി ഒട്ടും യോജിക്കാൻ കഴിഞ്ഞില്ല. യാതൊരു അടിസ്ഥാന സൗകര്യവുമില്ലാത്ത പ്രദേശം. അത്തരമൊരു സാഹചര്യവുമായി പൊരുത്തപ്പെടാനാവാതെ നാട്ടിലേക്ക് തിരിച്ചുപോകാനുള്ള തീരുമാനവുമായി അബുദാബി ഭരണാധികാരിയെ കാണാൻ ചെന്ന നിമിഷമാണ് തന്റെ ജീവിതത്തിൽ വഴിത്തിരിവുണ്ടാക്കിയതെന്ന് ഡോ.ജോർജ് മാത്യു പറയുന്നു. സമ്മതം ചോദിക്കാനെത്തിയ ഡോക്ടറോട് ശൈഖ് സായിദ് പറഞ്ഞ വാക്കുകൾ ഇങ്ങനെ-ഈ രാജ്യം ഒരിക്കൽ ലോകത്തെ ഉയർന്ന സ്ഥാനത്തെത്തും. ആരോഗ്യമേഖല ഉൾപ്പെടെ മികച്ച സൗകര്യങ്ങൾ ഇവിടെയുണ്ടാവും. അപ്പോൾ ഇങ്ങോട്ട് വരാമെന്ന് ആഗ്രഹിച്ചാൽ നടന്നെന്ന് വരില്ല. ഞങ്ങൾക്ക് നിങ്ങളെ ഇഷ്ടമാണ്, നിങ്ങളുടെ സേവനം ഇവിടെ ആവശ്യമാണ്...ദീർഘദൃഷ്ടിയും ഉൾക്കാഴ്ചയുമുള്ള ശൈഖ് സായിദ് എന്ന രാഷ്ട്രനേതാവിന്റെ വാക്കുകൾ വല്ലാതെ ഉള്ളിൽതട്ടി. കൂടുതൽ ചിന്തിപ്പിച്ചു. യുഎഇ എന്ന രാജ്യം പിറക്കുന്നതിന് വർഷങ്ങൾക്ക് മുമ്പായിരുന്നു ശൈഖ് സായിദ് അൽനഹ്യാന്റെ വാക്കുകൾ. അദ്ദേഹത്തിന്റെ ഉറച്ചവാക്കുകളാണ് തന്നെ ഇവിടെ പിടിച്ചുനിർത്തിയതെന്ന് ഡോക്ടർ പറയുന്നു. പിന്നീട് ശൈഖ് സായിദുമായുള്ള അടുപ്പം ഡോക്ടറെ അൽഐൻകാരനാക്കി. ആ പ്രദേശത്തിന്റെ ആരോഗ്യരംഗത്തുള്ള വളർച്ചയിൽ ശൈഖ് സായിദിനൊപ്പം നിന്നു. അൽഐനിലെ ആദ്യത്തെ ക്ലിനിക്ക് തുടങ്ങുന്നത് ഡോ.ജോർജ് മാത്യുവാണ്. പിന്നീടങ്ങോട്ട് ഈ രാജ്യത്തിന്റെ വളർച്ചക്കൊപ്പം ജോർജ് മാത്യുവും സഞ്ചരിച്ചു. ഈ പ്രയാണത്തിൽ ശൈഖ് സായിദ് എന്ന രാഷ്ട്രശില്പിയെ വളരെ ആദരവോടെയാണ് ഡോക്ടർ ഓർക്കുന്നത്. അൽഐൻകാരനായി മാറിയ ഡോക്ടർക്ക് ഇവിടേക്ക് എത്തിയ കഥ ഒരുപാട് പറയാനുണ്ട്. അച്ഛന് ജോലി മലേഷ്യയിലായതിനാൽ ജോർജ് മാത്യു ജനിച്ചത് അവിടെ. പിന്നീട് കുടുംബം പത്തനംതിട്ട തുമ്പമണിലുള്ള തറവാട്ടിലെത്തുന്നു. ചങ്ങനാശ്ശേരി എസ്.ബി കോളജിൽ ഇന്റർമീഡിയറ്റ് പഠനത്തിന് ശേഷം പന്തളം എൻഎസ്എസ് കോളജിൽ ബി.എസ്.സി പൂർത്തിയാക്കി. തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്നും എംബിബിഎസ് പഠനം. തുടർന്ന് എറണാകുളം ജില്ലാ ആശുപത്രിയിൽ ഒരുവർഷം ജോലി ചെയ്തു. 1965ൽ എംബിബിഎസ് പഠനത്തിന് ശേഷം വത്സ മാത്യുവിനെ വിവാഹം ചെയ്തു. ഭാര്യാപിതാവ് ബെഞ്ചമിൻ കുവൈത്തിലായതിനാൽ 1966ൽ കുവൈത്തിലെത്തി. അമേരിക്കയിലോ ഇംഗ്ലണ്ടിലോ പോയി ഉപരിപഠനം നടത്തണമെന്നായിരുന്നു ആഗ്രഹം. അങ്ങനെയിരിക്കെ ബഹ്റൈനിൽ അമേരിക്കൻ മിഷൻ ആശുപത്രിയിൽ ജോലി കിട്ടി. തുടർന്ന് ബഹ്റൈനിൽ സർക്കാർ സർവീസിലേക്ക് മാറി. അപ്പോഴാണ് അൽഐനിൽ ഡോക്ടറെ ആവശ്യമുണ്ടെന്ന പരസ്യം പത്രത്തിൽ കാണുന്നത്. അൽഐനിൽ നിന്നും ഒരു ഫാദർ റവ.ലോങ് ജോൺസൺ അന്ന് അറബി ഭാഷ പഠിക്കാനായി ബഹ്റൈനിലെത്തിയിരുന്നു. അദ്ദേഹത്തിൽ നിന്നും അൽഐനെ കുറിച്ച് കൂടുതൽ മനസ്സിലാക്കി. അൽഐൻ നല്ല പ്രകൃതിരമണീയമായ സ്ഥലമാണെന്നും മറ്റും അറിഞ്ഞതോടെ ഡോക്ടർക്ക് ഉത്സാഹമായി.

അന്ന് യുഎഇ എന്ന രാഷ്ട്രം പിറന്നിട്ടില്ല. ശൈഖ് സായിദ് അബുദാബി എമിറേറ്റിന്റെ ഭരണാധികാരിയായി ചുമതലയേറ്റിരുന്ന കാലം. 1967 മെയ് 14ന് അബുദാബിയിൽ വിമാനമിറങ്ങി. അതൊരു വല്ലാത്ത അനുഭവമായിരുന്നു. അവിടെ നല്ലൊരു വിമാനത്താവളം പോലുമില്ലായിരുന്നു. ഇടിച്ചു പരത്തിയ മണലിലാണ് ചെറിയ വിമാനങ്ങൾ ഇറങ്ങിയിരുന്നത്. പൊടിപടലങ്ങൾ കെട്ടടങ്ങിയ ശേഷമായിരുന്നു വിമാനത്തിന്റെ വാതിൽ തുറന്നത്. ടെർമിനലും ഓഫീസ് സംവിധാനങ്ങളും ഇല്ലാത്തതിനാൽ എമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കിയത് വിമാനത്തിനകത്ത് തന്നെയായിരുന്നു. ബഹ്റൈനിലുള്ള സൗകര്യങ്ങൾ പോലുമില്ലായിരുന്നു അക്കാലത്ത് അബുദാബിയിൽ. എവിടെയും ടാറിട്ട റോഡുകളില്ല. മണൽപാതകൾ മാത്രം. ഇതെല്ലാം കണ്ടതോടെ അടുത്ത ദിവസം തന്നെ തിരിച്ചുപോകാമെന്ന് തീരുമാനിച്ചു. നവീകരിച്ച ഒരു ഗസ്റ്റ് ഹൗസിൽ താമസം ഒരുക്കിയതിനാൽ തീരുമാനം മാറ്റി. പിറ്റേന്ന് മണൽപാതയിലൂടെ അൽഐനിലേക്ക് യാത്ര. പ്രത്യേകിച്ച് റോഡൊന്നുമില്ല. മണലും കല്ലുകളുമിട്ട് ഇടിച്ചു നിരത്തിയ റോഡ്. ഇടക്കിടെയുള്ള മരങ്ങൾ അടയാളപ്പെടുത്തിയാണ് ഡ്രൈവർ വഴി നിശ്ചയിച്ചിരുന്നത്. അബുദാബിയിൽ നിന്നും ഒമ്പത് മണിക്കൂർ യാത്രക്ക് ശേഷം അൽഐനിലെത്തി. രാത്രിയിലായിരുന്നു അൽഐനിലെത്തിയത്. അവിടെയാകെ ഇരുട്ടായിരുന്നു, വൈദ്യുതിയില്ല. താമസിക്കാനും ക്ലിനിക്കിനുമായി രണ്ട് മുറികൾ അവിടെ ഒരുക്കിയിരുന്നു. സർക്കാർ നിർദ്ദേശപ്രകാരം അവിടെ ആദ്യത്തെ ക്ലിനിക്ക് തുടങ്ങി. ക്ലിനിക്കിൽ സഹായിക്കാനായി രണ്ട് നഴ്സുമാരും. ദമ്പതികളായ വില്യംസിനും മറിയാമ്മക്കും അറബിയിൽ സംസാരിക്കാൻ അറിയാമായിരുന്നു.




ഇവരുടെ സാന്നിധ്യം നല്ല അനുഗ്രഹമായി. സ്വദേശികളായ രോഗികളോട് ആശയവിനിമയം നടത്താൻ ബുദ്ധിമുട്ടാണ്ടിയില്ല. മരുന്ന് നൽകുന്നതിന് പകരം ഇഞ്ചെക്ഷൻ നൽകുന്ന രീതിയാണ് സ്വദേശികളായ രോഗികൾ ഇഷ്ടപ്പെട്ടിരുന്നത്. ഇഞ്ചക്ഷൻ നൽകിയുള്ള ചികിത്സാരീതി പെട്ടെന്ന് എല്ലാവർക്കും ഇഷ്ടമായി. അങ്ങനെ ക്ലിനിക്ക് പടിപ്പടിയായി പേരെടുത്തു. അൽഐനിൽ അന്നത്തെ ജനസംഖ്യ ആകെ 25,000 ആയിരുന്നു. അതിൽ സ്വദേശികൾ 3000 മാത്രം. ബാക്കിയുള്ളവർ ഇറാനികളും



പാകിസ്ഥാനികളും ഇന്ത്യക്കാരും. ആഴ്ചയിൽ മൂന്ന് ദിവസം ശൈഖ് സായിദ് അൽഐനിലുണ്ടാവും. ആ ദിവസങ്ങളിലെല്ലാം ഡോക്ടർ കൂടെയുണ്ടാവും. അധികം സംസാരിക്കാറില്ല. ശൈഖ് എല്ലാ കാര്യങ്ങളും ശക്തമായി നിരീക്ഷിക്കും. അതിലൂടെ ഓരോരുത്തരുടെയും കഴിവും പ്രാപ്തിയും മനസ്സിലാക്കിയെടുക്കും. ചുരുങ്ങിയ കാലം കൊണ്ട് ശൈഖ് സായിദിന് ഡോക്ടറെ ഇഷ്ടപ്പെട്ടു. ആരോഗ്യ മേഖലയിൽ കൂടുതൽ ചുമതലകൾ നൽകി. താമസിയാതെ തന്നെ ഒരു ആശുപത്രി തുടങ്ങാൻ ഡോക്ടറോട് ആവശ്യപ്പെട്ടു. അങ്ങനെ 1969 ൽ 15 കിടക്കകളുള്ള സർക്കാർ ആശുപത്രി അൽഐനിൽ തുറന്നു. അക്കാലത്ത് വസൂരി പടർന്ന കാലമായിരുന്നു. വസൂരി രോഗം പിടിപെട്ട് നിരവധിയാളുകൾ മരിച്ചു. പലയിടത്തും രോഗബാധിതരായ ആളുകളുടെ വീടുകൾ കത്തിക്കേണ്ടിവന്നു. ആശുപത്രിയിൽ സ്ഥലമില്ലാത്തതിനാൽ മറ്റുള്ളവരെ ഒഴിവാക്കി വസൂരി രോഗികളെ മാത്രം ചികിത്സിച്ചു. അത് വല്ലാത്തൊരു പരീക്ഷണ കാലമായിരുന്നു. പിന്നീട് 40 കിടക്കകളുള്ള ആശുപത്രി തുടങ്ങാൻ ശൈഖ് സായിദ് ഉത്തരവിട്ടു. ഇതൊക്കെയാണെങ്കിലും വൈദ്യുതിയും വെള്ളവുമില്ലാത്തത് ഡോക്ടറെ വല്ലാതെ വലച്ചു. താമസസ്ഥലത്ത് നിന്നും ദുരെയുള്ള അരുവിയിൽ നിന്നും രാത്രി കാലങ്ങളിലാണ് കുളി. ഇതുകൂടാതെ ഉപരിപഠനം നടത്തണമെന്ന ആഗ്രഹവും കൂടിയതോടെ അൽഐൻ വിടാൻ തീരുമാനിച്ചു. ഇക്കാര്യം ശൈഖ് സായിദിനോട് പറഞ്ഞപ്പോഴുള്ള മറുപടിയാണ് തന്റെ ജീവിതത്തിൽ വഴിത്തിരിവായതെന്ന് ഡോക്ടർ പറയുന്നത്. അന്ന് ശൈഖ് സായിദ് പറഞ്ഞത് താമസിയാതെ തന്നെ പുലർന്നു. എണ്ണ സമ്പത്ത് കണ്ടെത്തിയതോടെ അബുദാബിയും അൽഐനും വളരെ വേഗത്തിൽ വികസിച്ചു. നാട്ടിലേക്ക് തിരിച്ചു പോവേണ്ടെന്ന് തീരുമാനിച്ചു. അൽഐനിൽ തുടരാനുള്ള തീരുമാനം അറിയിച്ചതോടെ ശൈഖ് സായിദ് ഡോ.ജോർജ് മാത്യുവിനെ ജില്ലാ മെഡിക്കൽ ഡയറക്ടറായി നിയമിച്ചു. അക്കാലത്താണ് ഏഴ് എമിറേറ്റുകൾ ചേർന്നുള്ള യുഎഇയുപിറവിയെടുത്തത്. ശൈഖിനൊപ്പമുള്ള സഹവാസവും അടുപ്പവും ഡോക്ടറെയും ആകെ മാറ്റിമറിച്ചിരുന്നു. മലയാളിത്തനിമയിൽ നിന്നും ഇമാറാത്തിന്റെ ചൂടും ചൂരും അവിടുത്തെ ജനങ്ങളുടെ സ്നേഹവും വാത്സല്യവും ആവോളം അനുഭവിച്ചു. യുഎഇയുടെ രാഷ്ട്രപിതാവിനൊപ്പം സഞ്ചരിക്കുകയും അദ്ദേഹത്തിന്റെ ഭരണശീലങ്ങൾ മനസ്സിലാക്കുകയും ഒപ്പം രാഷ്ട്രത്തിന്റെ പിറവിക്ക് സാക്ഷിയാവുകയും ചെയ്ത മറ്റൊരു മലയാളി പ്രവാസി പ്രമുഖൻ ഉണ്ടെന്ന് തോന്നുന്നില്ല. അൽഐനിന്റെ മുക്കും മൂലയും അറിയുന്ന ഡോക്ടർക്ക് അൽഐനിൽ താമസിക്കുന്ന സ്വദേശികളുടെയും വിദേശികളുടെയും ഹൃദയമിടിപ്പ് ഒരുപോലെ മനസ്സിലാക്കി. ഒപ്പം യുഎഇ ഭരണാധികാരികളുടെ വിശാലമായ കാഴ്ചപ്പാടും ദീർഘവീക്ഷണവും പ്രജകളോടുള്ള സമീപനവും ഇക്കാലമത്രയുമുള്ള ജീവിതപാഠത്തിൽ നിന്നും മനസ്സിലാക്കി. 26-ാം വയസ്സിൽ ഈ മരുപ്രദേശത്ത് എത്തിയതാണ്. മരുജീവിതത്തിന്റെ ഹദയതാളവും ലയവും അതിന്റെ കാഠിന്യവും തരളമായ മാനവികതയും ഹൃദയത്തിൽ ആവാഹിച്ചു. പിന്നീട് ഏകമകൾ പ്രിയയുടെ വിദ്യാഭ്യാസം പൂർത്തിയായപ്പോൾ നാട്ടിലേക്ക് തിരികെ പോവാൻ തീരുമാനിച്ചതായിരുന്നു. നാട്ടിൽ താമസിക്കാൻ വീടും വെച്ചു. അപ്പോഴാണ് പ്രിയപ്പെട്ട ശൈഖ് സായിദിന്റെ മറ്റൊരു സ്നേഹസ്പർശം എത്തുന്നത്. അത് വല്ലാത്തൊരു ജീവിതാനുഭവമായിരുന്നു. ഒട്ടും പ്രതീക്ഷിക്കാതെ ഡോക്ടർക്ക് യുഎഇ പൗരത്വം നൽകാൻ ശൈഖ് സായിദ് നിർദ്ദേശിക്കുന്നു. വെറുമൊരു എൻട്രി പാസ് അല്ലായിരുന്നു. യുഎഇ പൗരന്മാർക്ക് ലഭിക്കുന്ന എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും അടങ്ങുന്ന പരിപൂർണ പൗരത്വമായിരുന്നു അത്. ഒരു മലയാളി പ്രവാസിക്ക് ഗൾഫിൽ ലഭിക്കുന്ന ഏറ്റവും വലിയ ബഹുമതി. ഇതോടെ ഡോക്ടറുടെ ഉത്തരവാദിത്തം കൂടി. ഇമാറാത്തിന് വേണ്ടിയുള്ള സമർപ്പിതമായ ജീവിതം. ഡോക്ടറുടെ നേതൃത്വത്തിൽ ആരോഗ്യമേഖലയിലെ കുതിപ്പിന് വേഗത കൂടി. 1981ൽ 420 കിടക്കകളുള്ള അവാം ആശുപത്രിയും മെഡിക്കൽ കോളജും അൽഐനിൽ സ്ഥാപിച്ചു. ഇതോടെ ശൈഖ് സായിദിന്റെ പൂർണചെലവിൽ വിദേശത്ത് പോയി ഉപരിപഠനം നടത്താൻ ഡോക്ടർക്ക് അവസരം ലഭിച്ചു. അൽഐൻ ആരോഗ്യമേഖല പൂർണമായും ഡോ. ജോർജ് മാത്യുവിന്റെ കീഴിലായി. ഒരു മരുപ്രദേശത്ത് ജീവിതം തേടിയെത്തിയ ഡോക്ടർ അവിടമാകെ ആരോഗ്യത്തിന്റെ തെളിനീർ പകർന്നുനൽകാൻ ജീവിതം സമർപ്പിച്ചതിലുള്ള ചാരിതാർത്ഥ്യത്തിലാണിപ്പോൾ. ഇപ്പോൾ വയസ്സ് 84 കഴിഞ്ഞു. തറവാട്ടിൽ അത്യാവശ്യമുണ്ടെങ്കിൽ മാത്രം നാട്ടിൽ പോവും. ഇന്ത്യയിലേക്ക് പോവണമെങ്കിൽ വിസ വേണം. അങ്ങനെ പ്രവാസം തേടി മരുപ്രദേശത്ത് എത്തിയ മലയാളിയായ ഡോ.ജോർജ് മാത്യു മറുനാട്ടിലെ പൗരനായി മാറി. ഈ സൗഭാഗ്യം അധികമാർക്കും ലഭിക്കാത്തതാണ്. അൽഐനിന്റെ ചൂടും ചൂരും ജീവിത താളമാക്കിയ ഡോക്ടർക്ക് ഇപ്പോൾ ഈ മണ്ണിനേക്കാളും പ്രിയപ്പെട്ട സ്ഥലം വേറെയില്ല. അൽഐൻ വിട്ടാൽ ശരിയായി ഉറങ്ങാൻ പോലും കഴിയാത്ത വിധം ഈ മരുപ്പച്ചയിലെ തരളമായ കാറ്റുമായി അലിഞ്ഞു ചേർന്നിരിക്കുന്നു. ഇപ്പോഴും ഡോക്ടർ അൽഐനിലെ ആരോഗ്യമേഖലയിൽ സജീവമാണ്. അൽഐൻ ഗവർണറുടെ വൈദ്യഉപദേശകൻ കൂടിയാണ്. മനുഷ്യത്വമാണ് ശൈഖ് സായിദിന്റെ അടിസ്ഥാന ഭാവമെന്ന് ഡോക്ടർ പറയുന്നു. ഈ മണ്ണിൽ സ്വദേശിയെന്നോ വിദേശിയെന്നോ വ്യത്യാസമില്ലാതെ ആരും ബുദ്ധിമുട്ടരുതെന്നും എല്ലാവരെയും ഒരുപോലെ സഹായിക്കണമെന്നുമായിരുന്നു ആ മഹാൻ നൽകിയ ഉപദേശം. അത് ജീവിതത്തിലുടനീളം പാലിക്കുന്നു. നിരവധിയാളുകളെ സഹായിക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യമുണ്ട്. ഭാര്യവത്സ ജോർജ്ജ് മാത്യു. ഏക മകൾ മറിയം പ്രിയ ജോർജ് മാത്യു അൽഐൻ ഗവർണറുടെ ഓഫീസിൽ ജോലി ചെയ്യുന്നു.

രാജ്യത്തിന്റെ ആരോഗ്യ മേഖല കെട്ടിപ്പടുക്കുന്നതിൽ നിർണായക സംഭാവനകൾ നൽകിയ അൽഐനിന്റെ പ്രിയ മലയാളി ഡോക്ടർ ജോർജ് മാത്യുവിന്റെ പേരിൽ അബുദാബിയിലെ റോഡ് നാമകരണം ചെയ്തിരിക്കുകയാണ് യുഎഇ ഭരണകൂടം. 57 വർഷങ്ങളായി യുഎഇക്ക് നൽകുന്ന സേവനങ്ങൾക്കും സംഭാവനകൾക്കുമുള്ള ആദരവായാണ് പത്തനംതിട്ട തുമ്പമണ്ണിൽ വേരുകളുള്ള ഡോ. ജോർജ് മാത്യുവിനുള്ള ഈ അപൂർവ അംഗീകാരം. അബുദാബി അൽ മഫ്രകിലെ ശൈഖ് ഷഖ്ബൂത്ത് മെഡിക്കൽ സിറ്റിക്ക് സമീപത്തുള്ള റോഡാണ് ഇനി ജോർജ് മാത്യു സ്ട്രീറ്റ് എന്നറിയപ്പെടുക. ദീഘവീക്ഷണത്തോടെ യുഎഇയ്ക്കായി പ്രവർത്തിച്ചവരെ അനുസ്മരിക്കാനായി പാതകൾ നാമകരണം ചെയ്യുന്നതിന്റെ ഭാഗമായി മുനിസിപ്പാലിറ്റിസ് ആൻഡ് ട്രാൻസ്പോർട്ട് വകുപ്പാണ് റോഡിന് ഈ പേര് നൽകിയത്. രാജ്യത്തിനു വേണ്ടി ചെയ്ത ആത്മാർത്ഥമായ സേവനങ്ങൾക്കുള്ള അംഗീകാരമായാണ് തീരുമാനത്തെ കാണുന്നതെന്ന് ഡോ. ജോർജ് പറഞ്ഞു. ഭാവി എന്താകുമെന്ന് നോക്കാതെ കഷ്ടതകൾ അവഗണിച്ചാണ് യുഎഇയിലെത്തിയ ആദ്യകാലങ്ങളിൽ പ്രവർത്തിച്ചത്. റോഡ്, വൈദ്യുതി, ജലവിതരണം എന്നിവയൊന്നും അന്നില്ലായിരുന്നു. പ്രദേശവാസികളുടെ പ്രശ്നങ്ങൾ നേരിട്ടറിഞ്ഞു സഹായിക്കാനായിരുന്നു ശ്രമം. ബുദ്ധിമുട്ടുകൾ മറന്ന് രാജ്യത്തിനു വേണ്ടി നടത്തിയ സേവനങ്ങൾ തിരിച്ചറിയപ്പെടുന്നതിൽ ഏറെ സന്തോഷമുണ്ട്-അദ്ദേഹം പറഞ്ഞു. മലേറിയ അടക്കമുള്ള രോഗങ്ങളെ നേരിടാൻ അദ്ദേഹത്തെ ശൈഖ് സായിദ് ഇംഗ്ലണ്ടിൽ അയച്ചു പഠിപ്പിച്ചു. ഹോസ്പിറ്റൽ മാനേജ്മെന്റ് ചുമതലകൾ നൽകിയപ്പോൾ വിദഗ്ധ പഠനത്തിന് ഹാർവാർഡിലേക്ക് അയച്ചു. 1972ൽ അൽ ഐൻ റീജിയന്റെ മെഡിക്കൽ ഡയറക്ടർ, 2001ൽ ഹെൽത്ത് അതോറിറ്റി കൺസൾട്ടന്റ് തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചു. യുഎഇയിൽ ആധുനിക വൈദ്യശാസ്ത്രത്തിന്റെ തുടക്കത്തിന് സാക്ഷ്യം വഹിച്ച അദ്ദേഹം എമിറേറ്റിലെ ആരോഗ്യ സേവനങ്ങളുടെ പുരോഗതിയിൽ ഗണ്യമായ സംഭാവന നൽകി. രാജ്യത്ത് ആധുനിക മെഡിക്കൽ സംസ്കാരം പ്രോത്സാഹിപ്പിച്ചു.

# മരക്കാറിന് മറക്കാനാവില്ല ആ ആകാശ ദുരന്തം





റസാഖ് ഒരുമനയൂർ



ഇന്നും ചിന്തിക്കുമ്പോൾ മരക്കാറിന് നടുക്കമാണ്. അന്നൊരു സന്ധ്യാനേരത്ത് ബോംബെ വിമാനത്താവളത്തിൽ നിന്നും പറന്നുയർന്നു ഏതാനും നിമിഷങ്ങൾക്കകം അറബിക്കടലിൽ തകർന്നുവീണ എയർ ഇന്ത്യ വിമാനം. ഗൾഫിന്റെ പളപളപ്പിന് ആരംഭം കുറിക്കുന്ന കാലഘട്ടം. നാട്ടിലെ അരപ്പട്ടിണിയും മുഴുപ്പട്ടിയും മൂലം പൊറുതിമുട്ടി ജീവിതമാർഗ്ഗം തേടി എവിടെയും പോകാനും എന്തുജോലിയും ചെയ്യാനും മടിയില്ലാത്ത കാലം. അതിസാഹസികമായി യാത്ര ചെയ്തും രാപകലില്ലാതെ കഠിനാധ്വാനം ചെയ്തും കുടുംബത്തെ പോറ്റിയിരുന്ന അനേകായിരങ്ങൾ അറബിപ്പൊന്ന് കിനാവ് കണ്ടു ഗൾഫ് യാത്ര വ്യാപകമായിക്കൊണ്ടിരിക്കുന്നു. കൂട്ടത്തിൽ മലപ്പുറം ജില്ലയിലെ വെളിയങ്കോട് ബീവിപ്പടിയിലെ മരക്കാരും മനംനിറയെ മോഹങ്ങളുമായി ഗൾഫ് എന്ന വർണ്ണപ്പൊലിമ സ്വന്തമാക്കാൻ നാട്ടിൽനിന്നും പുറപ്പെട്ടു. ഇന്നത്തെപ്പോലെ കേരള ത്തിൽനിന്നും ഗൾഫ് നാടുകളിലേക്ക് നേരിട്ട് വിമാനസർവ്വീസുകളൊന്നും അന്നുണ്ടായിരുന്നില്ല. ജീവൻ പണയപ്പെടുത്തി ബോംബെയുടെയും മറ്റും തീരങ്ങളിൽനിന്നും കള്ളലോഞ്ചികളിൽ ഗൾഫ് നാടുകളിലേക്ക് യാത്ര ചെയ്തിരുന്ന കാലം മെല്ലെമെല്ലെ മാഞ്ഞുമാറി യാത്ര കപ്പലിലേക്ക് മാറി. ഔദ്യോഗിക രേഖകളുടെ അടിസ്ഥാനത്തിൽ വിസ നേടിയുള്ള കപ്പൽ യാത്ര. എന്നാൽ എട്ടും പത്തും ദിവസങ്ങൾ നീണ്ടുനിന്നിരുന്ന കപ്പൽ യാത്രയും അധികകാലമൊന്നും ഉണ്ടായിരുന്നില്ല. അപ്പോഴേക്കും ആകാശ യാത്രയെന്ന അതിവേഗ യാത്രാ ംവിധാനം ലോകത്താകമാനം വ്യാപിച്ചിരുന്നു. ആഴ്ചകൾ നീണ്ടുനിൽക്കുന്ന കടൽ യാത്രക്ക് പകരം മണിക്കൂറുകൾക്കകം പറന്നെത്തുന്ന ആകാശയാത്ര.

കേരളത്തിൽനിന്നും മൂന്നൂദിവസം നീളുന്ന തീവണ്ടി യാത്രക്കുശേഷം ബോംബെയിലെത്തി അവിടെനിന്നും വിമാനമാർഗ്ഗം ഗൾഫിലേക്കുള്ള യാത്ര. വിമാനമാർഗ്ഗമുള്ള യാത്ര വ്യാപകമായിത്തുടങ്ങുന്നതും 1975–1978 കാലഘട്ടത്തിലായിരുന്നു. മനസ്സുനിറയെ വർണ്ണങ്ങൾ പെയ്യുന്ന കിനാക്കളുമായി വെളിയങ്കോട്ടെ മരക്കാരും ഗൾഫ് യാത്രക്ക് സജ്ജമായി ബോംബെ പട്ടണത്തിലെത്തിച്ചേർന്നു. തന്റെ ബന്ധു അയച്ചുകൊടുത്ത വിസയുമായി ബോംബെയിലെത്തിച്ചേരുമ്പോൾ പ്രായം പതിനെട്ട് പൂർത്തിയാകുന്നതേ ഉണ്ടായിരുന്നുള്ളു. ബോംബെയിൽനിന്നും ദുബൈയിലേക്ക് വിമാനം കയറാനുള്ള ടിക്കറ്റെല്ലാം ശരിപ്പെടുത്തി. എയർഇന്ത്യയുടെ കൂറ്റൻ വിമാനത്തിലാണ് യാത്ര തരപ്പെടുത്തയത്. 1978 ജനുവരി ഒന്നിന് ബോംബെയിൽനിന്നും ദുബൈയിലേക്ക് പറക്കുന്ന എയർഇന്ത്യ ബോയിംഗ് 747 വിമാനത്തിൽ യാത്ര തിരിക്കുന്നതിനുള്ള തയാറെടുപ്പുകൾ പൂർത്തിയാക്കി ടിക്കറ്റെടുത്തു. കുടുംബത്തിന്റെ കഷ്ടപ്പാടുകൾക്ക് അറുതി വരുത്തി മെച്ചപ്പെട്ട ജീവിതമെന്ന സ്വപ്നം സഫലമാക്കുകയെന്ന ഒരേയൊരു ചിന്ത മാത്രമായിരുന്നു മനസ്സിലുണ്ടായിരുന്നത്. ടിക്കറ്റ് കൈയിൽ കിട്ടിയപ്പോൾ പറഞ്ഞറിയിക്കാനാവാത്ത സന്തോഷമായിരുന്നു. മനസ്സുനിറയെ അടുത്ത ദിവസം പറന്നുയരുന്ന എയർഇന്ത്യയുടെ കൂറ്റൻ വിമാനത്തിന്റെ ചിറകിലേറിയുള്ള യാത്ര മാത്രമായിരുന്നു. ബോംബെയിൽ കാണാവുന്നത്ര കുടുംബക്കാരോടും കൂട്ടുകാരോടും സന്തോഷം പങ്കുവെയ്ക്കുകയും യാത്ര പറയുകയും ചെയ്തു. യാത്രക്കുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായപ്പോഴാണ് വിസയുമായി ബന്ധപ്പെട്ട നേരിയ തടസ്സം നേരിട്ടത്. അങ്ങിനെ ജനുവരി ഒന്നിലെ യാത്ര മറ്റൊരു ദിവസത്തേക്ക് മാറ്റിവെക്കേണ്ടിവന്നു. അത് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആശ്വാസത്തിന്റെ, ഇന്നും നെടുവീർപ്പോടെ മാത്രം ഓർക്കുന്ന ദിവസം. ജീവിതം തിരിച്ചുകിട്ടിയ ദിവസം. അന്നത്തെ യാത്ര മാറ്റിയില്ലായിരുന്നുവെങ്കിൽ 47 വർഷങ്ങൾക്കുമുമ്പ് ഈ ലോകത്തുനിന്നും എന്നന്നേക്കുമായി യാത്ര പറയുമായിരുന്നു.

1978 ജനുവരി 1, അതെ; അന്നാണ് വലിയൊരു ദുരന്ത വാർത്ത പുറത്തുവന്നത്. ബോംബെയിൽ വിമാനം തകർന്നുവീണു. 1978 ജനുവരി ഒന്നിന് മരക്കാർ യാത്ര ചെയ്യേണ്ടിയിരുന്ന എയർ ഇന്ത്യ ബോയിംഗ് 747 ബോംബെ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും പറന്നുയർന്ന് അധികം പിന്നിടും മ്പ് തന്നെ ബോംബെ തീരത്ത് അറബിക്കടലിൽ തകർന്നുവീഴുകയായിരുന്നു. യാത്രക്കാരും ജീവനക്കാരുമായി 213 പേരുടെ ജീവനാണ് അന്ന് പൊലിഞ്ഞത്. പറന്നുയർന്നു 110 സെക്കന്റ് മാത്രമെ ആയിരുന്നുള്ളു. മൂന്നുകിലോമീറ്റർ ദൂരം സഞ്ചരിക്കുമ്പോഴേക്കും വിമാനം ബോംബെ ബാന്ദ്രക്ക് സമീപം അറബിക്കടലിൽ തകർന്നുവീണു. നിമിഷങ്ങൾക്കകം ഈ ദുരന്ത വാർത്ത മരക്കാറിന്റെ ചെവിയിലുമെത്തി. സ്രഷ്ടാവിനോട് എത്ര നന്ദി പറഞ്ഞാലും അധികമാവാത്ത നിമിഷങ്ങൾ. വിസാസംബന്ധമായ നേരിയ തടസ്സമുണ്ടായതുകൊണ്ടുമാത്രം ജീവൻ തിരിച്ചുകിട്ടി പുനർജന്മംപോലെ തോന്നിയ ദിവസം. തന്റെ കൈയിലുണ്ടായിരുന്ന എയർ ഇന്ത്യ ബോയിംഗ് 747ന്റെ ടിക്കറ്റിലേക്ക് മരക്കാർ ഏറെനേരം നോക്കിയിരുന്നു. അത്ഭുതകരമായി ജീവൻ തിരിച്ചുകിട്ടിയതിന്റെ സന്തോഷം ജീവിതത്തിൽ ഒരിക്കലും വിസ്മരിക്കാനാവില്ല. അന്ന് യാത്രക്ക് മണിക്കൂറുകൾക്ക് മുമ്പ് മാത്രമാണ് യാത്ര മാറ്റിയത്. അല്ലായിരുന്നുവെങ്കിൽ ജീവിതം അറബിക്കടലിൽ അവസാനിക്കുമായിരുന്നു. ദുരന്തത്തിന്റെ ആഴം ഓർത്ത് ഇന്നും മനസ്സ് വല്ലാതെ പിടച്ചിരുന്നു. രക്ഷപ്പെട്ടവരുടെ പട്ടികയിൽ മരക്കാറിന്റെ പേരും വാർത്താമാധ്യമങ്ങളിൽ ഇടംനേടി. രണ്ട് ദിവസങ്ങൾക്ക് ശേഷം 1978 ജനുവരി മൂന്നിനു മറ്റൊരു വിമാനത്തിൽ ദുബൈയിലെത്തി. അവിടെ രണ്ടുവർഷത്തോളം ജോലി ചെയ്തു. കൂടുതൽ മെച്ചപ്പെട്ട ജോലി തേടി പിന്നീട് അമ്മാവൻ അബുവിന്റെ സഹായത്തോടെ അബുദാബിയിലെത്തി. ആറുമാസക്കാലം സ്വദേശി പൗരന്റെ വീട്ടിലെ ജോലിക്കാരനായി. തുടർന്ന് മുറൂർ റോഡിലെ കെട്ടിടത്തിൽ വാച്ച്മാനായി ജോലിയിൽ പ്രവേശിച്ചു. സുൽത്താൻ അൽദാഹിരിയുടെ ഇഷ്ടപ്പെട്ട ജീവനക്കാരനായി മാറാൻ അധിക ാലമൊന്നും വേണ്ടിവന്നില്ല. അങ്ങിനെ നീണ്ട 45 വർഷക്കാലം ഒരേ അറബിയുടെ കീഴിൽ ഈ കെട്ടിടത്തിന്റെ മുഴുവൻ കാര്യങ്ങളും നോക്കിനടക്കുകയും അർബാബിന്റെ വിശ്വസ്ഥനായി മാറുകയും ചെയ്തു. വാച്ച്മാൻ ജോലിക്കിടെ ഒഴിവുസമയങ്ങളിൽ പുറത്ത് പല ജോലികളും ചെയ്തു. ജീവിതം പച്ചപിടിപ്പിക്കുന്നതിനുള്ള നെട്ടോട്ടം തന്നെയായിരുന്നു. വിശ്രമമില്ലാത്ത കഠിനാദ്ധ്വാനം തന്റെ കുടുംബ ജീവിതത്തിൽ കാര്യമായ മാറ്റങ്ങളുണ്ടാക്കി. മക്കൾക്ക് ഉന്നത വിദ്യഭ്യാസം നൽകുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തി. നാലുമക്കളിൽ മൂത്തമകൻ ആഷിഫ് ദുബൈയിൽ ഐടി മേഖലയിൽ ജോലി ചെയ്യുന്നു. മക്കളായ മാജിത അധ്യാപികയും മ റ്റൊരു മകളായ മർവ പൊന്നാനിയിൽ ആയുർവേദ ഡോക്റായും ജോലി ചെയ്യുന്നു. ഒരു മകൾ ജോർജ്ജിയയിൽ മെഡിസിന് പഠിക്കു



## രാജ്യത്തെ നടുക്കിയ ദുരന്തം വന്നവഴി

ഇന്ത്യാ മഹാരാജ്യത്തെ ഒന്നടങ്കം നടുക്കിക്കൊണ്ടാണ് 1978ന്റെ പുതുവർഷത്തിൽ ബോംബെയിൽ വിമാന ദുരന്തമുണ്ടായത്. അറബിപ്പൊന്ന് പെറുക്കാൻ മണലാരണ്യത്തിലേക്ക് പറന്ന മലയാളികൾ ഉൾപ്പെടെ 213 പേരുടെ ജീവിതവും ശരീരഭാഗങ്ങളും അറബിക്കടലിൽ തകർന്നടിയുകയായിരുന്നു. 213 യാത്രക്കാരും ജീവനക്കാരുമായി ദുബൈയിലേക്ക് പോവുകയായിരുന്നു ബോയിംഗ് 747 എയർ ഇന്ത്യ 855 വിമാനം ബോംബെയിലെ സാന്താക്രൂസ് വിമാനത്താവളത്തിൽ നിന്ന് പറന്നുയർന്ന് രണ്ട് മിനിറ്റിനുള്ളിൽ അറബിക്കടലിൽ തകർന്നുവീഴുകയായിരുന്നു. പൈലറ്റിന്റെ പിഴവും ഉപകരണങ്ങളുടെ തകരാറുമാണ് അപകടത്തിനിടയാക്കിയതെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. 18,000 മണിക്കൂറിലധികം വിമാനം പറത്തി പരിചയ സമ്പന്നനായിരുന്ന ക്യാപ്റ്റൻ പി.എസ് ഭഗവത്താണ് വിമാനത്തിന്റെ ചുക്കാൻ പിടിച്ചിരുന്നത്. റൺവേ 27–ൽ നിന്ന് പറന്നുയർന്ന് ഏകദേശം രണ്ടു മിനിറ്റിന് ശേഷം, അറബിക്കടലിനു മുകളിലൂടെ ബോംബെ തീരം കടക്കുമ്പോൾ ക്യാപ്റ്റൻ ഭഗവതിന് ദിശ തെറ്റി. പിഴവ് തിരിച്ചറിഞ്ഞ പൈലറ്റ് ശരിയാക്കാൻ ശ്രമിച്ചുവെങ്കിലും അതൊരു മഹാദുരന്തത്തിലേക്ക് ആ പതിക്കുകയായിരുന്നു. വിമാനം 108 ഡിഗ്രിക്ക് മുകളിൽ കറങ്ങി കടലിൽ പതിക്കുകയായിരുന്നു. അപകടത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ പൈലറ്റിന്റെ പിഴവ് കൂടാതെ ഉപകരണത്തിന്റെ തകരാറും അപകടത്തിന് കാരണമായതായി കണ്ടെത്തി. ബഹിരാകാശത്ത് വിമാനത്തിന്റെ ഓറിയന്റേഷൻ അളക്കുന്ന വിമാനത്തിന്റെ സൂചകങ്ങളിലൊന്ന് ശരിയായി പ്രവർത്തിച്ചിരുന്നില്ല. ഇത് ക്യാപ്റ്റൻ ഭഗവതിനെ കൂടുതൽ വഴി തെറ്റിക്കുകയും തെറ്റായ നിയന്ത്രണ ഇൻപുട്ടുകൾ നൽകുകയും ചെയ്തുവെന്നാണ് വിദഗ്ദർ കണ്ടെത്തൽ. എയർ-ഇന്ത്യയുടെ ഏറ്റവും വലിയ അഭിമാനമായിരുന്ന ബോയിംഗ് 747 അശോക ചക്രവർത്തി എന്നുപേരുള്ള വിമാനമാണ് തകർന്നുവീണത്. രാവിലെ പറക്കേണ്ടിയിരുന്ന വിമാനം അന്ന് 13 മണിക്കൂർ വൈകി രാത്രി 8.15നാണ് ടേക്ക് ഓഫ് ചെയ്തത്. അശോക ചക്രവർത്തിയെന്ന കൂറ്റൻ വിമാനത്തിന്റെ തകർച്ചയുടെ തലേദിവസം ഒരു പക്ഷി ചിറകിൽ തട്ടിയിരുന്നു. അതുമൂലമുണ്ടായ നേരിയ തകരാറുകൾ പരിഹരിച്ചതായി എയർഇന്ത്യ വ്യക്തമാക്കിയിരുന്നു.

## തകർന്നുവീണത് ആകാശ കൊട്ടാരം

എയർ ഇന്ത്യയുടെ ആകാശക്കൊട്ടാരമെന്ന് വിശേഷിപ്പിക്കാവുന്ന അത്രയും മികച്ച ബോയിംഗ് വിമാനമാണ് തകർന്നുവീണത്. 1971ലാണ് ഈ വിമാനം എയർഇന്ത്യ സ്വന്തമാക്കുന്നത്. അതൊരു ആഢംബര കൊട്ടാരമായിരുന്നു. വിമാനത്തിന്റെ അകത്തളങ്ങൾ ആഢംബര പരവതാനികളും സോഫകളും കട്ടിലുകളും ബാറുകളും കൊണ്ട് സജ്ജീകരിച്ചിരിക്കുന്നു. വിമാനത്തിന്റെ ഭിത്തികളിൽ ഇന്ത്യൻ ചുവർചിത്രങ്ങളാൽ അലങ്കരിച്ചിരിക്കുന്നു. ഐശ്വര്യത്തിന്റെ അദൃശ്യമായ ഉയരങ്ങൾ തൊട്ട ചരിത്രത്തിലിടം നേടിയ ഭരണാധികാരിയുടെ സ്മരണയ്ക്കായി, കൂറ്റൻ വിമാനത്തിന് അശോക ചക്രവർത്തിയെന്ന് പേരിട്ടു. 1971 ഏപ്രിൽ 22ന് എയർ ഇന്ത്യക്ക് കൈമാറിയ വിമാനം മാർച്ച് 8–ന് പറന്നു. എയർ ഇന്ത്യയ്ക്ക് കൈമാറിയ ആദ്യത്തെ 747 വിമാനമായിരുന്നു. 51 കാരനായ മദൻലാൽ കുക്കറായിരുന്നു ക്യാപ്റ്റൻ. 1956–ൽ എയർ ഇന്ത്യയിൽ ചേർന്ന അദ്ദേഹം, ഏകദേശം 18,000 മണിക്കൂർ വിമാനം പറത്തിയ അനുഭവസമ്പത്തിനുടമയായിരുന്നു. 1976–ൽ എയർ ഇന്ത്യയിൽ ചേർന്ന മുൻ ഇന്ത്യൻ എയർഫോഴ്സ് കമാൻഡറായിരുന്ന 43–കാരിയായ ഇന്ദു വിർമണിയായിരുന്നു ഫസ്റ്റ് ഓഫീസർ. ഇവർക്ക് 4,500 മണിക്കൂറിലധികം പറത്തിയ പരിചയമുണ്ടായിരുന്നു. 1955ൽ എയർ ഇന്ത്യയിൽ ചേർന്ന 53–കാരനായ ആൽഫ്രെഡോ ഫാരിയയായിരുന്നു ഫ്ളൈറ്റ് എഞ്ചിനീയർ. ഇദ്ദേഹവും 11,000 മണിക്കൂറുകളുടെ പരിചയ സമ്പത്തുള്ള മികച്ച ഫ്ളൈറ്റ് എഞ്ചിനീയറായിരുന്നു. അപകടസമയത്ത് എയർ ഇന്ത്യയുടെ ഏറ്റവും മുതിർന്ന ഫ്ളൈറ്റ് എഞ്ചിനീയർമാരിൽ ഒരാളായിരുന്നു ഇദ്ദേഹം. എയർ ഇന്ത്യ വിമാനപകടത്തിൽ മരണപ്പെട്ടവരിൽ നിരവധി മലയാളികളുമുണ്ടായിരുന്നു. അപകടത്തെ തുടർന്ന് നടന്ന കേസിൽ വിമാന നിർമ്മാതാക്കൾ കുറ്റക്കാരല്ലെന്ന് കണ്ടെത്തി കേസ് തള്ളിപ്പോയി. യുഎസ് ഫെഡറൽ ഡിസ്ട്രിക്റ്റ് ജഡ്ജി ജെയിംസ് എം. ഫിറ്റ്സ്ജെറാൾഡ്, 1985 നവംബർ 1–ന് പുറപ്പെടുവിച്ച 139 പേജുള്ള വിധി പ്രസ്താവനയിൽ ബോയിംഗ് കമ്പനി, ആൾട്ടിറ്റിയൂഡ് ഡയറക്ടർ ഇൻ ഡിക്കേറ്ററിന്റെ നിർമ്മാതാവ് ലിയർ സീഗ്ലർ ഇൻക്, റോക്വെൽ ഇന്റർനാഷണലിന്റെ കോളിൻസ് റേഡിയോ ഡിവിഷൻ എന്നിവയ്ക്കെതിരായ ആരോപണങ്ങൾ നിരസിക്കുകയായിരുന്നു. ക്യാപ്റ്റൻ മദൻ കുക്കറാണ് അപകടത്തിന് കാരണമായതെന്ന് ബോയിംഗിന്റെ അഭിഭാഷകൻ സ്റ്റീവൻ സി. മാർഷൽ കുറ്റപ്പെടുത്തിയിരുന്നു. പ്രമേഹ മരുന്നുകളുടെ സ്വാധീനത്തിൽ നിയമവിരുദ്ധമായി വിമാനം പറത്തിയതും 24 മണിക്കൂർ മുമ്പ് മദ്യപിച്ചതും അപകടത്തിന് കാരണമായതായി അവർ ആരോപിച്ചു. അങ്ങിനെ 1986 ൽ ഈ കേസ് തള്ളിപ്പോവുകയായിരുന്നു.

ഗൾഫ് ചന്ദ്രിക വാരാന്തപ്പതിപ്പ്

# കുളിർ പകരും അൽനൂർ ദ്വീപ്



സൂര്യ വിനീഷ്

യുണൈറ്റഡ് അറബ് എമിറേറ്റ്സ് അഥവാ യുഎഇ എന്ന രാജ്യത്തെ സുന്ദരമാക്കുന്നത് കടലോളം പരന്നു കിടക്കുന്ന ഇവിടുത്തെ മണൽക്കാടുകളും വാനോളം ഉയർന്നു നിൽക്കുന്ന കെട്ടിടങ്ങളുമാണ്. ഈ മണൽക്കാടുകൾക്കിടയിൽ കണ്ണിനും മനസിനും കുളിർമ്മ പകർന്ന് കൊണ്ട് പച്ച വിരിച്ച നിൽക്കുന്ന ഒരു വിശേഷപ്പെട്ട ദ്വീപ ഉണ്ട്. ചുട്ടു പൊള്ളുന്ന ഷാർജക്ക് നടുവിലായി തണുത്തു വിറയ്ക്കുന്ന അൽനൂർ ദ്വീപ്. മിഡിൽ ഈസ്റ്റിലെ ഏറ്റവും മികച്ച ദ്വീപ് എന്ന പദവി ലഭിച്ച ഈ ദ്വീപിലേക്കുള്ള യാത്ര സന്തോഷം പകരും. ഷാർജ നഗരമധ്യത്തിലെ ഖാലിദ് തടാകത്തിൽ നിലകൊള്ളുന്ന അൽനൂർ ദ്വീപ് നൽകുന്ന സൗന്ദര്യം അത് കണ്ണുകൾക്കും മനസിനും ഒരുപോലെ കുളിർമ്മ പകരുന്നതാണ്. ചുട്ടു പൊള്ളുന്ന വേനൽക്കാലത്ത് പോലും ഇവിടെ കുളിർമ്മയുടെ തണുത്ത കാറ്റ് വീശും. ഇവിടുത്തെ നടപ്പാതകളും പച്ച പുതച്ച കാഴ്ചകളും സഞ്ചാരികൾക്ക് നൽകുന്നത് വ്യത്യസ്തമായ കാഴ്ചാനുഭവമാണ്. പ്രകൃതി മനോഹാരിതയ്ക്കൊപ്പം കലയും വിനോദവും സമ്മേളിക്കുന്ന നിരവധി കാഴ്ചകളും അൽനൂർ ദ്വീപിൽ സഞ്ചാരികളെ കാത്തിരിക്കുന്നുണ്ട്. ചുട്ടുപൊള്ളുന്ന ഷാർജ നഗരത്തിൽ നിന്നും മരത്തടികൾ കൊണ്ട് തീർത്ത ഭംഗിയുള്ള പാലത്തിലൂടെ ദ്വീപിലെത്താം. വൃക്ഷങ്ങൾ തിങ്ങി നിറഞ്ഞയിടത്തിലൂടെ തണുത്ത കാറ്റേറ്റ് സഞ്ചരിക്കാം. ചുട്ടുപൊള്ളുന്ന വെയിലിൽ നിന്ന് വൃക്ഷലതാധികൾ കൊണ്ട് തണുത്ത കാലാവസ്ഥയിലേക്കുള്ള മാറ്റം ഏറെ ഹൃദ്യമായ അനുഭവമാണ്. ചുറ്റിലും നിറഞ്ഞ തെളിഞ്ഞ വെള്ളം. പ്രത്യേകം തയ്യാറാക്കിയ ശലഭ ഉദ്യാനം. കൗതുകം പകരുന്ന കാഴ്ചകൾ ഒന്നൊന്നായി നമുക്ക് മുന്നിലൂടെ കടന്ന് പോകും. യുഎഇയിലെ അപൂർവയിനം പക്ഷികളുടെ ആവാസകേന്ദ്രമാണിവിടെ. ദേശാടന പക്ഷികൾ തങ്ങളുടെ പ്രിയപ്പെട്ട പ്രദേശം തേടി ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ഇവിടെ പറന്നെത്താറുണ്ട്. പക്ഷികൾ മാത്രമല്ല, ചിത്രശലഭങ്ങളും അൽനൂർ ദ്വീപിന്റെ അലങ്കാരമാണ്. നമുക്ക് ചുറ്റും ആനന്ദത്തോടെ പറക്കുന്ന ചിത്രശലഭങ്ങൾ നൽകുന്ന വിസ്മയം ചെറുതല്ല. 37 തരത്തിലുള്ള അറനൂറോളം ചിത്രശലഭങ്ങൾ വനദ്വീപിലുണ്ട്. പ്യൂപ്പ അവസ്ഥയിലാണ് വിവിധ രാജ്യങ്ങളിൽ നിന്ന് ചിത്രശലഭങ്ങളെ ദ്വീപിലേക്ക് കൊണ്ടു വരുന്നത്. ശലഭങ്ങളും പക്ഷികളും ചേർന്ന് സൃഷ്ടിക്കുന്ന വിസ്മയക്കാഴ്ചകൾ ക്യാമറയിൽ പകർത്താനായി മാത്രം ലോകസഞ്ചാരികളായ നിരവധി ഫോട്ടോഗ്രാഫർമാരും ഇവിടെയെത്താറുണ്ട്.

പതിയെ വനത്തിനുള്ളിലേക്ക് യാത്ര ചെയ്യുമ്പോൾ നമ്മെ കാത്തിരിക്കുന്നത് ചരിത്രം, വാസ്തുശിൽപം, ചിത്രകല, പുരാവസ്തു തുടങ്ങി നിരവധി കാഴ്ചകളാണ്. കുട്ടികൾക്കായുള്ള വനാന്തര യാത്രകളും പരിസ്ഥിതി അവബോധം, പ്രകൃതി സൗഹൃദം എന്നിവയും ദ്വീപയിൽ ഒരുക്കിയിട്ടുണ്ട്. പ്രശസ്ത ശിൽപി ഡേവിഡ് ഹാർബൻ രൂപകൽപ്പന ചെയ്ത ടോറസ് ശിൽപം ഈ വനാന്തരത്തിലെ ശ്രദ്ധേയമായ കാഴ്ചയാണ്. 240 സെന്റിമീറ്റർ വലുപ്പത്തിൽ മിനുസപ്പെടുത്തിയ കണ്ണാടി പതിച്ച അപൂർവ ശിൽപം വേറിട്ട കാഴ്ചയാണ്. റോക്ക് ക്രിസ്റ്റൽ, അമീതൈസ്റ്റ്, സ്റ്റോൺ ട്രീ എന്നിവ പകൽ വെളിച്ചത്തിൽ സഞ്ചാരികൾക്ക് കൗതുകക്കാഴ്ചയും രാത്രി കാലങ്ങളിൽ വിവിധ പ്രകാശങ്ങളിൽ തിളങ്ങും. ഒരു ടൂറിസ്റ്റ് സെന്റർ എന്നതിനപ്പുറത്തേക്ക് സാഹിത്യ ചരിത്ര വിജ്ഞാന കേന്ദ്രം കൂടിയാണ് കൗതുകങ്ങൾ നിറഞ്ഞ അൽനൂർ ദ്വീപ്. ഒരു പകലും ഒരു രാത്രിയും കൺനിറയെ കാണാനും മനം നിറയും വരെ ആസ്വദിക്കാനും വിശാലമായ അനുഭവങ്ങളാൽ അൽനൂർ ദ്വീപ് നമുക്ക് നൽകുന്നത്. ഇവിടുത്തെ ഓരോ മരവും നമ്മെ വീണ്ടും വീണ്ടും ചിന്തിപ്പിക്കുന്നതാണ്. ലോകം മുഴുവൻ മരങ്ങൾ വെട്ടിനശിപ്പിക്കുമ്പോൾ, കാലാവസ്ഥാ വ്യതിയാനത്തിലെ മാറ്റം ആശങ്കപ്പെടുത്തുമ്പോൾ, ഇവിടുത്തെ മരങ്ങൾ നൽകുന്ന കാഴ്ച നമ്മെ ആനന്ദിപ്പിക്കും. ഇവിടുത്തെ ഒരോ മരത്തിലും ഓരോ ബോർഡ് കാണാം. ആ ബോർഡിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. 'ഞാൻ സുരക്ഷിതനാണ്'. ലോകമെമ്പാടുമുള്ള വൃക്ഷങ്ങളും ഈ ലോകത്തോട് ആത്മവിശ്വാസത്തോടെ വിളിച്ച് പറയാൻ ആഗ്രഹിക്കുന്നതും അതു തന്നെയാകും. അതെ ഞാൻ സുരക്ഷിതനാണ്. മനുഷ്യന്റെ കൈകൾ പതിയാതെ ഞാൻ എന്നും സുരക്ഷിതനാണ്. അൽനൂർ നൽകുന്ന സന്ദേശവും അത് തന്നെ.



# സാഹിത്യനഗരത്തിലെ മേൽവിലാസക്കാർ

1–ാം പേജിലെ ബാക്കി

എഡിൻബറോയാണ് ആദ്യത്തെ സാഹിത്യനഗരമായത്. 2004ൽ. മാഞ്ചെസ്റ്റർ, മെൽബൺ, പ്രാഗ്, റിയോ ഡി ജനറോ തുടങ്ങിയ നഗരങ്ങളും പിന്നീട് പട്ടികയിൽ ഇടംനേടി. കോഴിക്കോടിനൊപ്പം ജോർജ്ജിയയിൽ നിന്നുള്ള ക്യൂട്ടൈസിയും സാഹിത്യനഗരമായി തെരഞ്ഞെടുത്തിട്ടുണ്ട്.

യുനസ്കോയുടെ അംഗീകാരം പതിഞ്ഞ നഗരം എന്ന നിലയിൽ കോഴിക്കോട്ട് നടക്കുന്ന സാഹിത്യ സാംസ്കാരിക പരിപാടികൾക്ക് തനതായ പ്രാധാന്യം ലഭിക്കും. കൂടുതൽ വിദേശ എഴുത്തുകാരുടെ ശ്രദ്ധയിൽ നഗരം പതിയാനിടയുണ്ട്. സാഹിത്യനഗരം പൂർണമായ തോതിൽ യാഥാർത്ഥ്യമാക്കണമെങ്കിൽ ഇനിയും ഏറെ സഞ്ചരിക്കണം. ലൈബ്രറികൾ നവീകരിക്കണം. സാഹിത്യസംവാദങ്ങൾക്കുള്ള ഇടം ഒരുക്കണം. സാഹിത്യ മ്യൂസിയം, പുസ്തകമേള, സാഹിത്യോത്സവം എന്നിവ പുനരുജ്ജീവിപ്പിക്കണം.

### വിലയിരുത്തലിന്റെ കോലായ ചർച്ച, വിമർശനത്തിന്റെയും

എഴുത്തുകാരുടെ നഗരമായ കോഴിക്കോട്ട് എഴുത്തിനെ വിലയിരുത്തുക മാത്രമല്ല നിരങ്കുശമായി വിമർശിക്കുകയും ചെയ്തിരുന്നുവെന്ന് പാരമ്പര്യം പരിശോധിച്ചാൽ മനസ്സിലാവും. അറുപതുകളിൽ തുടങ്ങിയ കോലായ ചർച്ച അതിന്റെ തുടക്കമായിരുന്നു. പുതിയ പുസ്തകങ്ങൾ മുതൽ എഴുത്തുകാരന്റെ പുതിയ കഥയോ കവിതയോ വരെ നിർദയം പോസ്റ്റ്മോർട്ടം ചെയ്യപ്പെട്ടതിന്റെ ഓർമ പലരും പങ്കുവെച്ചിട്ടുണ്ട്. എം.ജി.എസ്, ഉറൂബ്, എൻ.എൻ കക്കാട്, ജോർജ്ജ് ഇരുമ്പയം, എൻ.പി മുഹമ്മദ്, കവി ആർ. രാമചന്ദ്രൻ എന്നിവർ സ്ഥിരമായി ചർച്ചയിൽ പങ്കെടുക്കാറുണ്ടായിരുന്നു. പലപ്പോഴും ആർ. രാമചന്ദ്രന്റെ വീട്ടിൽ വെച്ചാവും സദസ്സ്. ആദ്യകാലത്ത് ഉച്ചക്ക് ഊണിന് പിരിയുന്ന വരെയായിരുന്നു ചർച്ച. പിന്നീട് വൈകുന്നേരം വരെ നീണ്ടു. എൺപതുകളിൽ കോലായ ചർച്ച നിലച്ച മട്ടായി. സാഹിത്യനഗര പദവി കൈവന്നതോടെ കോലായ ചർച്ചക്ക് പുതിയ ഊടുംപാവും വരുമെന്നാണ് പ്രതീക്ഷ.

### സി.എച്ചും ചന്ദ്രികയും

സാഹിത്യനഗരമായി കോഴിക്കോട് അടയാളപ്പെടുത്തപ്പെടുമ്പോൾ ചന്ദ്രികയുടെയും പത്രാധിപർ സി.എച്ച് മുഹമ്മദ് കോയയുടെയും സംഭാവനകൾ ഓർമിക്കപ്പെടുകയാണ്. ഭാഷയുടെയും സാഹിത്യത്തിന്റെയും പരിപോഷണത്തിന് ചന്ദ്രിക നൽകിയ സംഭാവനകൾ എല്ലാ കാലത്തും ഓർമിക്കപ്പെടുന്നതാണ്. സാഹിത്യലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ ചന്ദ്രിക പുലർത്തുന്ന താൽപര്യം മറ്റു പ്രസിദ്ധീകരണങ്ങൾക്ക് മാതൃകയാണെന്ന് 1969 കാലയളവിൽ സാഹിത്യവാരഫലത്തിൽ എം. കൃഷ്ണൻ നായർ രേഖപ്പെടുത്തിയിട്ടുണ്ട്. എം.ടി വാസുദേവൻനായർ, അക്കിത്തം, ഇടശ്ശേരി, എം. മുകുന്ദൻ തുടങ്ങിയ എഴുത്തുകാരുടെ ആദ്യത്തെ കളരിയായിരുന്നു ചന്ദ്രിക. ചന്ദ്രിക വാരികയിൽ നിന്ന് ലഭിച്ച പ്രതിഫലത്തെപ്പറ്റി എം.ടി നിരന്തരം ഓർക്കാറുണ്ട്. ബഷീർ, യു.എ ഖാദർ, തുടങ്ങിയവരിൽ നിന്ന് നിർബന്ധപൂർവം രചനകൾ എഴുതിച്ചെടുക്കാൻ സി.എച്ച് നടത്തിയ പരിശ്രമങ്ങൾ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമാണ്. യു.എ ഖാദറിനെ വഴിയിൽ കണ്ടാൽ സി.എച്ച് പിടികൂടും. നേരെ ചന്ദ്രികയിൽ എത്തിക്കും. ഇരിക്കാൻ കസേരയും എഴുതാൻ പേപ്പറും നൽകും. പിന്നെ ഖാദറിന് രക്ഷയില്ല. എഴുതുക തന്നെ. ഇക്കാര്യം യു.എ ഖാദർ ലേഖനത്തിലൂടെയും മറ്റും അനുസ്മരിച്ചിട്ടുണ്ട്.

കുറ്റിച്ചിറയിലേയും മറ്റും മുസ്‌ലിംഭവനങ്ങളുടെ കഥ പറയുന്ന 'സുൽത്താൻവീട്' എഴുതിയ പി.എ മുഹമ്മദ്കോയ ചന്ദ്രിക വാരികയുടെ പത്രാധിപർ എന്ന നിലയിൽ നൽകിയ സംഭാവന വളരെ വലുതാണ്. എഴുത്തിന്റെ സൂക്ഷ്മതകൾ തിരിച്ചറിഞ്ഞ പത്രപ്രവർത്തകനും കളിയെഴുത്തുകാരനുമായിരുന്നു. പുനത്തിൽ കുഞ്ഞബ്ദുല്ല വടകരക്കാരനെങ്കിലും തന്റെ എഴുത്തുജീവിതം സമർപ്പിച്ചത് കോഴിക്കോട്ടായിരുന്നു. ■